പശ്ചിമഘട്ടം:
സംഭാഷണം

"നിത്യഹരിത വനത്തിന്റെ നടുവിലാണ് ഒരു വ്രണം പോലെ ശബരിമല നഗരവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. അവിടേക്കുള്ള തീർത്ഥാടക പ്രവാഹം നിയന്ത്രിക്കണം. പല വനംവകുപ്പ് ഉദ്യോഗസ്ഥരും അധികാര വികേന്ദ്രീകരണത്തിൽ വിശ്വസിക്കുന്നില്ല. കേന്ദ്രീകൃത പോലീസിംഗിലാണ് അവർക്ക് താത്പര്യം. തദ്ദേശീയരുടെ പങ്കാളിത്തമില്ലാതെ വനം സംരക്ഷിക്കാൻ കഴിയില്ല. ഗാഡ്ഗിൽ റിപ്പോർട്ട് ആർക്കും ദോഷം ചെയ്യുന്നതല്ല. എന്തിനെയും വിൽപ്പനച്ചരക്കാക്കുന്ന മൂലധന വ്യവസ്ഥയ്ക്കുമാത്രമെ അതുകൊണ്ട് നഷ്ടമുണ്ടാകൂ."

പശ്ചിമഘട്ടത്തിലെ മനുഷ്യ-പരിസ്ഥിതിയെക്കുറിച്ച് നിരവധി സാമൂഹിക ശാസ്ത്ര പഠനങ്ങൾ നടത്തിയിട്ടുള്ള ചരിത്രകാരനും സാമൂഹിക ശാസ്ത്രാധ്യാപകനും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ മുൻ വൈസ്ചാൻസ്‌ലറുമായ ഡോ. രാജൻ ഗുരുക്കൾ സംസാരിക്കുന്നു.

ഡോ. രാജൻ ഗുരുക്കൾ/ കേരളീയം

**പശ്ചിമഘട്ടത്തിലെ വളരെയേറെ ജൈവപ്രാധാന്യമുള്ള സ്ഥലത്താണല്ലോ ശബരിമല ക്ഷേത്രം നിൽക്കുന്നത്. പെരിയാർ കടുവാ സങ്കേതത്തിന്റെ നടുവിലായുള്ള സമ്പന്നമായ ഈ വനപ്രദേശത്തേക്ക് എത്തുന്ന തീർത്ഥാടകരുടെ എണ്ണം വർഷം തോറും നിയന്ത്രണാതീതമായി കൂടിക്കൊണ്ടിരിക്കുകയാണ്. സർക്കാറും ദേവസ്വം ബോർഡും തീർത്ഥാടകർക്കായി ഒരുക്കുന്ന സൗകര്യങ്ങൾ സന്നിധാനം പോലെയുള്ള ഒരു പ്രദേശത്തിന് താങ്ങാൻ കഴിയുന്നില്ല. ശബരിമല സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ക്ഷേത്രത്തിന്റെ ചരിത്രത്തെക്കുറിച്ചും പഠിച്ചിട്ടുള്ള താങ്കൾക്ക് ശബരിമലയുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളത്?**

നിരന്തരമായി മുറിവേറ്റുകൊണ്ടിരിക്കുന്ന പശ്ചിമഘട്ടത്തിലെ ഒരു പ്രദേശമാണ് ശബരിമല. ശബരിമല ക്ഷേത്രത്തിന്റെ ചുറ്റിലും നല്ല ഇടതൂർന്ന ആർദ്രവനങ്ങളാണ്. ഉയരം കുറഞ്ഞ നിത്യഹരിത വനത്തിന്റെ നടുവിലാണ് ഒരു വ്രണം പോലെ സന്നിധാനം നഗരവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെയൊരു തുണ്ട് അവിടെയില്ലെങ്കിൽ ആ പ്രദേശത്തിന് വലിയ നേട്ടമുണ്ടാകുമായിരുന്നു. മനുഷ്യന്റെ പരിധിവിട്ട സാന്നിധ്യം കാരണം ആനത്തൊട്ടാവാടി പോലെയുള്ള കള സസ്യങ്ങളാണ് അവിടെ ഇപ്പോൾ വളരുന്നത്. വിരിവയ്ക്കുന്ന അയ്യപ്പന്മാർ അടിക്കാട് വെട്ടിത്തെളിക്കുന്നത് കാരണം മറ്റ് സസ്യങ്ങളൊന്നും അവിടെ വളരാതെയായി. പുല്ലുമേടോ നിലയ്ക്കലോ പോലെ കാട് നഷ്ടപ്പെട്ടുപോയ ഒരു പാർശ്വപ്രദേശമല്ല പൂങ്കാവനം. കാടിന്റെ ഉള്ളിലാണത്. ശബരിമലയിൽ ഉള്ളതുപോലെയുള്ള നിത്യഹരിത വനങ്ങൾ പശ്ചിമഘട്ടത്തിൽ കുറവാണ്. പുല്ലുമേട് നിന്നും താഴേക്ക് നോക്കിയാൽ എത്ര സമ്പന്നമായ വനപ്ര

# നമ്മൾ ധൂർത്തടിക്കുന്നത് കാട് കരുതിവച്ച ഊർജ്ജം

ദേശത്താണ് ശബരിമല ക്ഷേത്രം നിൽക്കുന്നതെന്ന് നമുക്ക് കൃത്യമായി മനസിലാകും. ശബരിമലയിലേക്കുള്ള തീർത്ഥാടകരെ നിയന്ത്രിക്കുക എന്നതാണ് പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് അടിയന്തിരമായി ചെയ്യേണ്ട കാര്യം. കേരള വനംവകുപ്പിന് മാത്രം പരിഹരിക്കാൻ കഴിയുന്ന കാര്യമല്ല അത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും നടപടിയെടുക്കാൻ തയ്യാറാകണം. രാഷ്ട്രീയക്കാർക്ക് താത്പര്യമുണ്ടാകില്ല. അവർ വരുമാനം കൂട്ടാനുള്ള മാർഗ്ഗമായാണ് ശബരിമലയെ പരിഗണിക്കുന്നത്.

**എന്താണ് ശബരിമലയുടെ പാരിസ്ഥിതിക ചരിത്രം? അയ്യപ്പൻ എങ്ങനെ കാട്ടിലെത്തി?**

ഒരു പെൺപുലിയുടെ ടെറിട്ടറിയാണ് ശബരിമല സന്നിധാനം. മറ്റ് മൃഗങ്ങളിൽ നിന്നും പുലിക്കുള്ള വ്യത്യാസം അത് ടെറിട്ടറിയുള്ള മൃഗമാണ് എന്നതാണ്. പല അയ്യപ്പന്മാരും അവിടെ ഒരു പെൺപുലിയെ കണ്ടിട്ടുണ്ട്. കഥയിൽ അയ്യപ്പന് പുലിയോട് ബന്ധം വരാനുള്ള കാരണവും അതായിരിക്കാം. പുലിപ്പാൽ കഥയിൽ വരുന്നത് പെൺപുലിയായതുകൊണ്ടാണ്.


കാടിനുള്ളിൽ നഗരവത്കരിക്കപ്പെടുന്ന ശബരിമല സന്നിധാനം

തമിഴ്നാട്ടിലെ അയ്യനാർ എന്ന ഗ്രാമീണ ദൈവത്തിൽ നിന്നാണ് അയ്യപ്പൻ വരുന്നത്. പന്തളം രാജകുടുംബവുമായി അയ്യപ്പന് ആരോപിക്കുന്ന ബന്ധമെല്ലാം പിന്നീട് വന്ന കഥയാണ്. പക്ഷെ ആ കഥയിൽ പോലും ശക്തമായ ഒരു ജൈവസമൂഹത്തിന്റെ സ്വാധീനം നമുക്ക് കാണാൻ കഴിയും. ആ ജൈവസമൂഹത്തിന് ക്ഷതമേൽക്കാത്ത തരത്തിലുള്ള ആരാധനാ രീതിയാണ് അവിടെ നിലനിന്നിരുന്നത്. ഇപ്പോൾ സ്ഥിതി അങ്ങനെയല്ല. വനസംരക്ഷണം എന്ന് പ്രത്യേകം പറഞ്ഞിരുന്നില്ലെങ്കിലും സാംസ്കാരികമായി അതിന് പ്രാധാന്യം നൽകുന്ന തരത്തിലുള്ള മിത്തായിരുന്നു ശബരിമല അയ്യപ്പന്റേത്. ഇപ്പോൾ വരുന്ന അയ്യപ്പന്മാർക്ക് അതൊന്നും അറിയില്ല.

> അയ്യപ്പന്റെ കഥയിൽ പോലും ശക്തമായ ഒരു ജൈവസമൂഹത്തിന്റെ സ്വാധീനം നമുക്ക് കാണാൻ കഴിയും. ആ ജൈവസമൂഹത്തിന് ക്ഷതമേൽക്കാത്തതരത്തിലുള്ള ആരാധനാ രീതിയാണ് അവിടെ നിലനിന്നിരുന്നത്. ഇപ്പോൾ സ്ഥിതി അങ്ങനെയല്ല

നൂറുകൊല്ലത്തെ ചരിത്രമൊന്നും അയ്യപ്പന്മാരുടെ മലകയറ്റത്തിനില്ല. 1951ൽ ഉണ്ടായ തീപിടുത്തത്തെ തുടർന്നാണ് ശബരിമല പ്രശസ്തമാകുന്നത്. അതിന് മുമ്പ് മകരവിളക്ക് ദിവസം പരമാവധി 2000 പേർ മാത്രമാണ് അവിടെ വരാറുള്ളത്. തെക്കൻ തിരുവിതാംകൂറുകാർക്ക് മാത്രം പരിചയമുള്ള ഒരു ക്ഷേത്രമായിരുന്നു അന്ന് ശബരിമല. എല്ലാ ഉത്സവ പറമ്പുകളിലും പുലിപ്പുറത്ത് എഴുന്നള്ളുന്ന അയ്യപ്പന്റെ കളർചിത്രം വിൽപ്പനയ്ക്ക് വച്ച് ക്ഷേത്രം പ്രസിദ്ധമാക്കുകയായിരുന്നു. ശരണം വിളിയുമായി ബന്ധപ്പെടുത്തി ബുദ്ധന്റെ സാന്നിധ്യം അയ്യപ്പന്റെ ഉത്പത്തിയിൽ ആരോപിക്കാറുണ്ട്. അതും ശരിയല്ല. ബുദ്ധഭിക്ഷുകൾ വിളിക്കുന്ന ശരണം ഒരു പ്രതിജ്ഞയാണ്. മുഖ്യധാരയിൽ നിന്നും ബദൽസമൂഹത്തിലേക്ക് ഞാൻ പ്രവേശിക്കുന്നു എന്ന പ്രതിജ്ഞ. എന്നാൽ അയ്യപ്പന്മാർ വിളിക്കുന്ന ശരണം അപ്പാച്ചിമേട് കയറുമ്പോൾ പുലി പിടിക്കാതിരിക്കാൻ പേടിച്ചുവിളിക്കുന്ന ശരണമാണ്.

**അതുപോലെ പെരിയാർ ടൈഗർ റിവസർവിൽ നടപ്പിലാക്കപ്പെട്ട പങ്കാളിത്ത വനപരിപാലനത്തെ (participatory forest management) ക്കുറിച്ച് ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ടും എം.ജി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസും ചേർന്ന് നടത്തിയ പഠനങ്ങളിലും താങ്കൾ പങ്കെടുത്തിട്ടുണ്ട്. എന്താണ് പങ്കാളിത്ത വനപരിപാലനത്തിന്റെ കേരളത്തിലെ അവസ്ഥ? ആദിവാസി സമൂഹങ്ങളുടെയും വനത്തിന്റെയും സ്ഥിതി മെച്ചപ്പെടുത്താൻ അതിന് കഴിഞ്ഞോ?**

ആദിവാസികൾക്ക് അധികാരം നൽകി വനപരിപാലന സമ്പ്രദായത്തെ ശക്തിപ്പെടുത്താൻ പങ്കാളിത്ത വനപരിപാലത്തിന് കഴിഞ്ഞിട്ടുണ്ട്. പി.എഫ്.എം വന്നപ്പോൾ പെരിയാർ ടൈഗർ റിസർവിൽ ഇ.ഡി.സി (ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി)കൾ രൂപീകരിക്കുകയും കാട്ടിൽ നിന്നും തടിയേതര വനവിഭവങ്ങൾ (Non-timber forest products - NTFP) ശേഖരിക്കുന്നതിനുള്ള ചുമതല അവർക്ക് നൽകുകയും ചെയ്തു. കമ്മറ്റി തീരുമാനത്തിനനുസരിച്ചാണ് ശേഖരണം നടക്കുന്നത്. ഇ.ഡി.സികൾ വന്നതോടെ കണക്കില്ലാത്തവിധം ഔഷധസസ്യങ്ങൾ ശേഖരിക്കുന്ന രീതി ഇല്ലാതെയായി. ആദിവാസികളുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖ്യധാരാ രാഷ്ട്രീയകക്ഷികളും ചൂഷകമധ്യവർഗ്ഗവും കൈക്കലാക്കിവച്ച് നശിപ്പിച്ചിരിക്കുകയാണ്.

അവരുടെ ഇടപെടൽ കുറയ്ക്കാൻ ഇ.ഡി.സികൾക്ക് കഴിഞ്ഞു. ബ്രിട്ടീഷുകാരെ പിന്തുടർന്ന് തടിക്കച്ചവടം എന്ന പരിപാടി തന്നെയാണ് ആദ്യകാലത്ത് നമ്മുടെ വനം വകുപ്പും നടത്തിയിരുന്നത്. ജനകീയ വനപരിപാലനം എന്ന ആശയത്തിലേക്ക് എത്തിയ ശേഷമാണ് അവരുടെ ആ സമീപനത്തിൽ വലിയ മാറ്റമുണ്ടായത്. എന്നാൽ കേരള വനം വകുപ്പ് അതിനെ ഒരു പ്രോജക്ട് ആയാണ് സമീപിച്ചത്. പ്രക്രിയയായല്ല. മുകളിൽ നിന്നും താഴേക്ക് തീരുമാനങ്ങൾ നടപ്പിലാക്കിയാണ് അവർക്ക് ശീലം. അത് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ അധീനതയിലായിരുന്ന ഗിരിജൻ സൊസൈറ്റികൾക്ക് ഇ.ഡി.സികളും വനസംരക്ഷണ സമിതി (വി.എസ്.എസ്) കളും ഭീഷണിയാകുമെന്ന് വന്നപ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. ഓരോ പ്രദേശത്തെയും പരിപാടികളുടെ ഫണ്ട് അതാത് കമ്മിറ്റികൾ തന്നെ മാനേജ് ചെയ്യുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്. വനംവകുപ്പ് നിർവ്വഹണം മാത്രം. എന്നാൽ പല വനംവകുപ്പ് ഉദ്യോഗസ്ഥരും അധികാര വികേന്ദ്രീകരണത്തിൽ വിശ്വസിക്കുന്നുണ്ടായിരുന്നില്ല. കേന്ദ്രീകൃത പോലീസിംഗിലാണ് അവർക്ക് താത്പര്യം. തദ്ദേശീയരുടെ പങ്കാളിത്തമില്ലാതെ വനം സംരക്ഷിക്കാൻ കഴിയില്ല എന്നത് നമുക്ക് ബോധ്യമായ കാര്യമാണ്. പങ്കാളിത്ത വനപരിപാലന പരിപാടിക്ക് നേതൃത്വം നൽകിയിരുന്ന പി.എൻ. ഉണ്ണികൃഷ്ണനെപ്പോലെയുള്ള ഉദ്യോഗസ്ഥന് ജോലിയിൽ തുടരാനുള്ള സാഹചര്യം പോലും ഇല്ലാതെയായി. പുറമെ നിന്നുള്ള പലരുടെയും താത്പര്യങ്ങൾക്കനുസരിച്ച് കാട്ടിൽ നിന്നും വിഭവങ്ങൾ കടത്തിയിരുന്ന പല ആദിവാസി വിഭാഗങ്ങളെയും ദോഷകരമല്ലാത്ത, എന്നാൽ ഉപജീവനം സാധ്യമാക്കുന്ന വിഭവശേഖരണത്തിലേക്ക് പുനഃക്രമീകരിക്കാൻ പങ്കാളിത്ത വനപരിപാലന പരിപാടിക്ക് കഴിഞ്ഞിട്ടുണ്ട്.

**ലോകബാങ്ക് പദ്ധതിയായി ആണല്ലോ പങ്കാളിത്ത വനപരിപാലനം വരുന്നത്. ആഗോള മൂലധന ശക്തികൾ ഇന്ത്യൻ വനവിഭവങ്ങളുടെ മേൽ താത്പര്യം കാണിക്കുന്നു എന്നതിന്റെ സൂചനകൂടിയാണോ ഇത്?**

പുരോഗമന രാഷ്ട്രീയക്കാരായ പലരും പങ്കാളിത്ത വനപരിപാലനത്തെ വേൾഡ് ബാങ്ക് പദ്ധതിയാണെന്ന് ആക്ഷേപിച്ച് തള്ളിക്കളഞ്ഞു. ശരിക്കും അതിന്റെ കാര്യമുണ്ടായിരുന്നില്ല. കൊടുങ്കാറ്റ് അടിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ ആ മഹാശക്തിയെ, പായകെട്ടിത്തിരിച്ച് തന്റെ ദിശയ്ക്ക് അനുകൂലമാക്കുകയാണ് നല്ല നാവികർ ചെയ്യേണ്ടത്. വേൾഡ് ബാങ്കിന്റെ വരവും ഒരു കൊടുങ്കാറ്റ് പോലെയാണ്. അതിനെ ഏതുവിധത്തിൽ പ്രയോജനപ്പെടുത്തണമെന്ന് ചിന്തിക്കേണ്ടത് അതിൽ ഇടപെടുന്നവരാണ്. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട ഇ.ഡി.സികളും വി.എസ്.എസ്സുകളും ഭംഗിയായി പ്രവർത്തിച്ച സംസ്ഥാനമാണ് കേരളം. വേൾഡ് ബാങ്കിനെ നിരാകരിക്കുന്നവരോ അതിന് അടിമകളായിത്തീർന്നവരോ അല്ല ആ വിജയത്തിന് കാരണക്കാർ. പരിസ്ഥിതി ജ്ഞാനം രാഷ്ട്രീയ ജ്ഞാനവുമായി ചേർന്നു കിടക്കുന്നതാണ് എന്ന് മനസ്സിലാക്കിയ ചില ഉദ്യോഗസ്ഥരാണ്.

**പങ്കാളിത്ത വനപരിപാലനം നന്നായി നടന്ന സ്ഥലത്ത് ആദിവാസികളുടെ ജീവിത സാഹചര്യം മെച്ചപ്പെട്ടതായി പറയുന്നു. പക്ഷെ കേരളത്തിൽ എല്ലായിടത്തെയും സ്ഥിതി അതല്ലല്ലോ?**

കേരളത്തിലെ സ്ഥിതി മെച്ചമാണ്. അതിലും മോശമാണ് തമിഴ്നാടിന്റെ ഭാഗത്ത് പശ്ചിമഘട്ടത്തിനോട് ചേർന്ന് ജീവിക്കുന്ന ആദിവാസികളുടെ സ്ഥിതി. അവരിൽ പലർക്കും സ്വന്തമായി ഭൂമിയുണ്ടെങ്കിലും ആ ഭൂമിയിൽ വളരുന്നതെല്ലാം സമ്പന്നരായ മധ്യവർഗ്ഗ കർഷകരുടെ സിൽക്ക് കോട്ടണുകളാണ്. ആ തോട്ടങ്ങളിലെ തൊഴിലാളികളായി ഭൂമിയുടെ യഥാർത്ഥ അവകാശികളായ ഈ ആദിവാസികൾ ചെറിയ കൂലിക്ക് നിയമിക്കപ്പെടുന്നു. പ്രത്യേക കാലത്തേക്കുള്ള പാട്ടമായല്ല അവർ ഭൂമി ജന്മിമാർക്ക് നൽകിയത്. കുത്തകപാട്ടമാണ്. ആദിവാസികൾക്ക് പണം നൽകിയ ശേഷം അവരെ കടക്കാരാക്കി ഭൂമികൈവശപ്പെടുത്തി വച്ചിരിക്കുകയാണ്. സ്വന്തം ഭൂമിയിൽ കൂലിക്കാരായി പണിയെടുക്കേണ്ട അവസ്ഥയിലാണ് ആദിവാസികൾ ഉള്ളത്. കേരളത്തിലും ചില സ്ഥലങ്ങളിൽ ഈ സാഹചര്യമുണ്ട്. അട്ടപ്പാടിയിൽ ഉണ്ടായിരുന്നു. അഹാഡ്സ് വന്ന ശേഷം കുറെ മാറ്റമുണ്ടായി. ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതിൽ അഹാഡ്സിന് വിജയിക്കാൻ കഴിഞ്ഞു. തുവര, ചാമ, മുത്താറി തുടങ്ങിയ അവിടെ നിന്നും അപ്രത്യക്ഷമായ കൃഷി തിരികെ കൊണ്ടുവരാൻ കഴിഞ്ഞു. കാർഷിക ജൈവവൈവിധ്യവും ആരോഗ്യവും അതുവഴി മെച്ചപ്പെട്ടു.

എന്നാൽ പല സ്ഥലങ്ങളിലും ആദിവാസികളുടെ സ്ഥിതി മോശമാണ്. ഭൂരഹിതരായ ആദിവാസികളുടെ പ്രശ്നമുണ്ട്. ഭൂമിയുള്ള പലരുടെയും കൃഷി വന്യജീവികൾ നശിപ്പിക്കുന്ന പ്രശ്നമുണ്ട്. ആദിവാസികളുടെ കെണിയിൽ ഒരു കാട്ടുപന്നി വീണാലും കേസെടുക്കുന്ന സ്ഥിതിയാണ് ഇപ്പോൾ നിലനിൽക്കുന്നത്. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെപ്പോലെയുള്ള മൃഗങ്ങളെ നിയന്ത്രിതമായി പിടിക്കുന്നതിനുള്ള അവകാശം അവർക്ക് നൽകണം. പക്ഷെ കാട്ടുപന്നിയുടെ ഇറച്ചി വ്യാപാരം ചെയ്യുന്ന സ്ഥിതിയിലേക്ക് മാറാതെ ശ്രദ്ധിക്കുകയും വേണം. ആദിവാസികളുടേത് ഓട്ടക്കൈകളാണ്. അവരുടെ ആ കൈകളിലേക്ക് നിക്ഷേപിക്കുന്നതെന്തും അതിനടിയിലുള്ള മറ്റ് വലിയ കൈകളിലേക്ക് എത്തിച്ചേരുന്നു. അവർ എപ്പോഴും അദൃശ്യരായിരിക്കും. എന്നാൽ അവരുടെ പൊയ്ക്കൈകൾ എപ്പോഴും പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു.


**വനാവകാശ നിയമം വഴി ലഭിക്കുന്ന അവകാശങ്ങൾ വനസംരക്ഷണത്തിന് ആദിവാസികളെ കൂടുതൽ സുസജ്ജരാക്കുമോ? പല ഗോത്രസമൂഹങ്ങളെയും നിരീക്ഷിച്ചിട്ടുള്ള താങ്കളുടെ തോന്നൽ എന്താണ്?**

അത്തരത്തിലുള്ള അധികാരം ആദിവാസി സമൂഹങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കാനുള്ള പ്രാപ്തി ഇല്ല എന്നാണ് എനിക്ക് തോന്നുന്നത്. വനവിഭവങ്ങളുടെ ഉപയോഗം അവരുടെ അധികാരപരിധിയിലാകുന്നത് നല്ലതാണ്. സർക്കാറിന് പോലും ഒരു മുള മുറിക്കണമെങ്കിൽ വനം സംരക്ഷണ സമിതിയുടെ അനുമതി വാങ്ങണം എന്നത് നല്ലതാണ്. വനത്തിനുള്ളിൽ കഴിയുന്ന തങ്ങൾക്ക് എന്താണ് വേണ്ടത്

എന്നത് ആദിവാസി സമൂഹങ്ങൾക്ക് തന്നെ തീരുമാനി ക്കാനുള്ള പ്രാപ്തിയുണ്ടാകണം. എങ്കിൽ മാത്രമെ അവർക്ക് അധികാരത്തെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയൂ. കാട്ടിലുള്ള സൗകര്യങ്ങൾ പോര എന്ന് വരുകയാ ണെങ്കിൽ പുറത്തുള്ള സൗകര്യങ്ങൾ കാട്ടിലേക്ക് കൊണ്ടു പോകാതെ അവർ പുറത്തേക്ക് വരാൻ തയ്യാറാകണം. അതിനുള്ള എല്ലാ സഹായങ്ങളും സർക്കാർ അവർക്ക് നൽകണം. കാടിന്റെ സംസ്കാരത്തിൽ നിന്നും മറ്റൊരു സാംസ്കാരിക ശീലത്തിലേക്ക് മാറുന്ന ആരും ഇതുതന്നെ ചെയ്യണം. എല്ലാ സ്ഥലത്തും ഒരുപോലെയുള്ള സൗകര്യ ങ്ങൾ നിർമ്മിക്കുക എന്നതാണ് ഇന്നത്തെ വികസന കാഴ്ച പ്പാട്. ഭൂമിശാസ്ത്രപരവും ജൈവീകവുമായ വൈവിധ്യ ങ്ങളെ അത് തകർത്തുകളയുന്നു. ജീവിതരീതിക്ക് അത് ഒരു ആഗോള ഗുണനിലവാരം കല്പ്പിച്ചുനൽകുന്നു. അതിനെ മറികടക്കാൻ ആദിവാസി സമൂഹങ്ങൾക്ക് കഴി ഞ്ഞിട്ടില്ല. കാട്ടിലും നാട്ടിലുള്ളതുപോലെയുള്ള സൗകര്യ ങ്ങൾ ഉണ്ടാകണമെന്ന് അവർ ചിന്തിക്കുന്നത് അതുകൊ ണ്ടാണ്. ഏറ്റവും സുസ്ഥിരമായ ജീവിതരീതികളാണ് കാടി ന്റേത്. പരമാവധി ഊർജ്ജം സംരക്ഷിച്ചുവയ്ക്കുന്ന തരത്തി ലുള്ള നിർമ്മിതികളാണ് തേനീച്ചക്കൂട് മുതൽ ചിതൽപ്പുറ്റ് വരെ. സുസ്ഥിരതയും ഊർജ്ജ സുരക്ഷിതത്വവുമാണ് കാട്ടിലെ എല്ലാ നിർമ്മിതികളുടെയും അന്തഃസത്ത. അത്ത രത്തിൽ നിരവധി ജീവികൾ സംഭരിച്ചുവച്ചിരിക്കുന്ന ഊർജ്ജ മെടുത്ത് ധൂർത്തടിക്കുന്ന ഏകജീവി മനുഷ്യനാണ് എന്ന പരിമിതിയും നിലനിൽക്കുന്നുണ്ട്.

**പശ്ചിമഘട്ടത്തിന്റെ ജനാധിവാസ ചരിത്രം എന്താണ്? ആദിവാസികളിൽ നിന്നും ബ്രിട്ടീഷുകാരിലേക്കും വനം വകുപ്പിലേക്കും കുടിയേറ്റക്കാരിലേക്കുമെല്ലാം കാടിന്റെ അധികാരം കൈമാറ്റം ചെയ്യപ്പെട്ടതെങ്ങനെ?**

പശ്ചിമഘട്ടത്തിലെ മലനിരകളിലേക്ക് കുടിയേറ്റം തുടങ്ങു ന്നത് 18-ാം നൂറ്റാണ്ടിലാണ്. അതുവരെ അവിടെ വനവാ സികളായ ഗോത്രസമൂഹങ്ങൾ മാത്രമാണുണ്ടായിരുന്നത്. നികുതിപ്പണത്തിൽ വന്ന വർദ്ധനവാണ് വ്യാപ കമായി കുടിയേറ്റത്തിന് കാരണമായത്. കർഷ കരുടെ കൈയിൽ നിന്നും ജന്മിമാർ നികുതി പിരിക്കുന്ന വ്യവസ്ഥയാണ് അന്നുണ്ടായിരുന്ന ത്. 18-ാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ജന്മിമാ രുടെ മേലെ ബ്രിട്ടീഷ് അധികാരികൾ വരുകയും ബ്രിട്ടീഷുകാർക്ക് ജന്മി കപ്പം കൊടുക്കേണ്ട സ്ഥിതി വരുകയും ചെയ്തതോടെയാണ് സ്ഥിതി മാറിയത്. ജന്മി ബ്രിട്ടീഷുകാർക്ക് കൊടു ക്കേണ്ടിവന്ന അധികപണം കണ്ടെത്തുന്നതി നായി കർഷകരുടെ നികുതി വർദ്ധിപ്പിച്ചു. നികുതി കൊടുക്കാൻ സാഹചര്യമില്ലാതെ വന്ന പ്പോൾ ഒരുപാട്പേർ കാടുകയറി. കുറിച്യർ എന്ന ആദിവാസി വിഭാഗവും ഇങ്ങനെ കാടുകയറിയ വരാണ്. കുന്നും മലയും നിറഞ്ഞ പ്രദേശത്തെ കുറിഞ്ഞി നിലത്ത് കൃഷി ചെയ്യുന്നതിലൂടെ കുറിഞ്ഞ്യർ എന്ന പേര് കിട്ടുകയും അത് പിന്നീട് കുറിച്യരായി മാറുകയും ചെയ്യുകയായിരുന്നു. അതുപോലെ മുതുവാന്മാർ. അവർ തമിഴ്നാട്ടിൽ നിന്നും വന്ന കൃഷിക്കാരാണ്. 150 വർഷത്തില ധികമായി കാട്ടിൽ തങ്ങി എന്നതുമാത്രമാണ് കാടുമായുള്ള അവരുടെ ബന്ധം. അതുപോലെ അടിയാർ വിഭാഗം. ആദിവാസി ഗോത്രത്തിന് എങ്ങനെയാണ് അടിയാർ എന്ന പേര് കിട്ടുന്ന ത്? ആദിവാസികൾക്ക് ആരുടെയും അടിയാരായി കഴിയേണ്ട സാഹചര്യം വരുന്നി ല്ലല്ലോ. ശരിക്കും അടിയാർ ഗോത്രം വയനാട് ജില്ലയിലെ തിരുനെല്ലി, തൃശ്ശിലേരി ഭാഗത്തുള്ള ഭൂവുടമകളായ വാര്യന്മാരുടെ അടിയാന്മാരായി രുന്നു. കൃഷിക്കായി കാടുകയറിയവരാണ് അവർ. കൂടാതെ ഇരുളർ, മുഡുകർ, കുറുമ്പർ, മലമല ശർ തുടങ്ങിയ തുടങ്ങിയ കൃഷി ചെയ്യാനറി യാത്ത ഗ്രോത്ര സമൂഹങ്ങളും കേരളത്തിലെ കാടുകളിൽ പണ്ടേയുണ്ട്. സ്വാതന്ത്ര്യസമരത്തിൽ


ഫോട്ടോ: സുനിൽ സഹ്യ

നേരിട്ടുപങ്കെടുത്തിട്ടില്ല എന്നതുകൊണ്ടുതന്നെ വേണ്ടത്ര രാഷ്ട്രീയവത്കരിക്കാതെ പോയ സമൂഹമാണ് കേരളത്തിലെ ആദിവാസികൾ. തടി കടത്തിക്കൊണ്ടുപോകുന്നതിനായി ബ്രിട്ടീഷുകാർ കാട് കൊള്ളയടിച്ച് തുടങ്ങിയപ്പോഴും അവർക്ക് അതുകൊണ്ടുതന്നെ പരാതികളൊന്നുമുണ്ടായിരുന്നില്ല. റെയിൽവേ സ്ലീപ്പറുകൾ നിർമ്മിക്കുന്നതിനും മറ്റ് വികസനപ്രവർത്തനങ്ങൾക്കും ആവശ്യമായ തടിയാണ് ബ്രിട്ടീഷുകാർ കാട്ടിൽ നിന്നും പ്രധാനമായും കൊണ്ടുപോയത്. മരം ആദിവാസികൾക്ക് ഒരു വിഭവമായിരുന്നില്ല. മരം മുറിക്കാൻ അവർ തടസ്സം നിന്നതുമില്ല. കുറിച്യകലാപം മാത്രമാണ് ആദിവാസികളുടെ ഭാഗത്ത് നിന്നും കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെയുണ്ടായ ചെറുത്തുനിൽപ്പ്. ഉപജീവനമാർഗ്ഗം കവർന്നെടുത്തതിന്റെയോ അധികാരം നഷ്ടപ്പെട്ടതിന്റെയോ പ്രശ്നമായിരുന്നില്ല കുറിച്യരുടേത്. അവർ പഴശ്ശിയുടെ പ്രേരണയാൽ ബ്രിട്ടീഷുകാർക്കെതിരെ തിരിഞ്ഞതാണ്. ഉത്തരേന്ത്യയിലും നോർത്ത് ഈസ്റ്റിലുമെല്ലാം കാട് ആദിവാസികൾ തന്നെ ഭരിച്ചിരുന്ന സ്ഥലങ്ങളിൽ ബ്രിട്ടീഷുകാർ അധിനിവേശം നടത്തിയപ്പോൾ കലാപങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ കേരളത്തിലെ ആദിവാസികൾക്ക് കാട്ടിൽ ഒരു ഭരണസംവിധാനം ഉണ്ടായിരുന്നില്ല. നാട്ടുരാജക്കന്മാരുടെ അധീനതയിലായിരുന്നു കാട്. ബ്രിട്ടീഷുകാർക്ക് കൊള്ളയടിക്കാൻ അവർ യഥേഷ്ടം കാട് വിട്ടുനൽകുകയും ചെയ്തു.

വനസംരക്ഷണം എന്നതിനെക്കുറിച്ച് ആദ്യം ആലോചിക്കുന്നതും ബ്രിട്ടീഷുകാരാണ്. തേക്കിന്റെ എണ്ണം കുറഞ്ഞപ്പോഴാണ് ആലോചിച്ചതെന്ന് മാത്രം. 1864 ൽ ആണ് ബ്രിട്ടീഷുകാർ വനംവകുപ്പ് ഇന്ത്യയിൽ രൂപീകരിച്ചത്. 1865ൽ ഇന്ത്യൻ ഫോറസ്റ്റ് ആക്ടും കൊണ്ടുവന്നു. ഇന്ത്യയുടെ വനത്തിനുമുകളിൽ ബ്രിട്ടന്റെ കുത്തകാധികാരം സ്ഥാപിക്കുക എന്നതായിരുന്നു ആക്ടിന്റെ ലക്ഷ്യം. തുടർന്ന് ഇന്ത്യയുടെ വനഭൂമികളിൽ നിന്നും വ്യാപകമായി മരങ്ങൾ മുറിക്കപ്പെട്ടു. 1904ന് ശേഷം ലോഡ് കഴ്സണാണ് വനസംരക്ഷണം എന്ന ആശയം ഇന്ത്യയിലേക്ക് കൊണ്ടുവരുന്നത്. തുടർന്ന് ഗവർണർ ജനറൽ നിയമിക്കുന്ന കൺസർവേറ്ററുടെ നിയന്ത്രണത്തിലേക്ക് വനങ്ങൾ മാറ്റപ്പെട്ടെങ്കിലും ബ്രിട്ടീഷുകാരുടെ വനസംരക്ഷണത്തിന്റെ മുഖ്യലക്ഷ്യം മരസംരക്ഷണം തന്നെയായിരുന്നു.

**വനസംരക്ഷണത്തിനായുള്ള പരമ്പരാഗതമായ രീതികൾ നമ്മുടെ ആചാരങ്ങളിലും സംസ്കാരത്തിലും ഉണ്ടായിരുന്നോ?**

തീർച്ചയായും. വനം സംരക്ഷിക്കുന്നതിനുള്ള സ്വാഭാവിക പ്രക്രിയകൾ ഗോത്രസമൂഹങ്ങളുടെ സംസ്കാരങ്ങളിൽ അന്തർലീനമായിട്ടുണ്ട്. മരം മുറിക്കുന്നതിന് മുമ്പ് നടക്കുന്ന ചടങ്ങുതന്നെയെടുക്കാം. "അന്യത്രവാസം പരികല്പയാമി" എന്നവസാനിക്കുന്ന പ്രാർത്ഥനയോടെയാണ് മരം മുറിക്കുന്നത്. മരത്തിലെ എല്ലാ ജീവജാലങ്ങളോടുമുള്ള ഒരു പ്രാർത്ഥനയാണിത്. 'നിങ്ങൾക്ക് വേറൊരു സ്ഥലത്ത് ജീവിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ദയവുചെയ്ത് നിങ്ങൾ ഒഴിഞ്ഞുപോകണം. ഈ മരം മൂത്തിരിക്കുന്നു. ഫലപ്രാപ്തി തീർന്നിരിക്കുന്നു. ഇതിലെ കായ്കനികൾ തിന്ന് നിങ്ങൾക്ക് ഇനി ഉപജീവനം നടത്താൻ കഴിയില്ല. ഈ മരത്തിന്റെ വംശവർദ്ധനവിന് ആവശ്യമായ വിത്തുകൾ ഉത്പാദിപ്പിക്കാൻ ഇനി ഇതിന് കഴിയില്ല' എന്നാണ് ആ പ്രാർത്ഥനയുടെ അർത്ഥം. 'കാടുകയറല്ലേ കുളം വറ്റും' എന്ന ചൊല്ലാണ് മറ്റൊന്ന്. കാവുകൾ നശിപ്പിക്കരുതെന്നാണ് ഈ പ്രാർത്ഥനകൊണ്ട് ഉദ്ദേശിക്കുന്നത്. ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ കേരളത്തിൽ എവിടെ വരെ ഉണ്ടായിരുന്നു എന്നതിന്റെ അവശേഷിക്കുന്ന തെളിവാണ് കാവുകൾ. വയലുകളിൽ വെള്ളം നിലനിർത്തുന്നതിനുള്ള ഉപാധിയായാണ് കാവുകളെ കണ്ടിരുന്നത്. അതുകൊണ്ടാണ് അത് നശിപ്പിക്കാതെ നിലനിർത്തിയത്. കാടിന്റെ നീർമറികളാണ് (വനച്ചതുപ്പുകൾ) നമ്മൾ വയലുകളാക്കി മാറ്റി നെൽകൃഷി തുടങ്ങിയത്. കേരളത്തിന്റെ പാരിസ്ഥിതിക വ്യവസ്ഥയ്ക്ക് വലിയ ആഘാതമുണ്ടായിത്തുടങ്ങിയത് അന്നുമുതലാണ്. ആ ആഘാതം കുറയ്ക്കാനായാണ് കാവുകൾ കാടുകളായി നിലനിർത്തിയത്. ആഴത്തിൽ വേരുകളുള്ള മരങ്ങളാണ് കാവുകളിലുള്ളത്. ആ വേരുകൾ വയലിലെ വെള്ളത്തിന്റെ അറ്റത്തോളം എത്തിനിൽക്കുന്നു. കാപ്പിലറി ആക്ഷൻ (ഭൂഗുരുത്വ ബലത്തിന് വിരുദ്ധമായ വെള്ളത്തിന്റെ സഞ്ചാരം) സാധ്യമാക്കുന്ന ഈ വേരുകൾ വെള്ളം പിടിച്ചുനിർത്തി കിണറ്റിലെ വെള്ളം വറ്റാതെ സൂക്ഷിക്കും. അതുകൊണ്ടാണ് 'കാവു തീണ്ടല്ലേ കുളം വറ്റും' എന്ന് പറഞ്ഞിരുന്നത്. വിശ്വാസമല്ല, ശാസ്ത്രമാണ് ആ ചൊല്ലിന് പിന്നിലുള്ളത്. വിശ്വാസങ്ങളുമായി ബന്ധപ്പെട്ട ഇത്തരം പരമ്പരാഗത അറിവുകൾ പക്ഷെ വിശ്വാസത്തോളം സ്വാംശീകരിക്കാൻ നമുക്ക് കഴിയാതെപോയി.

> 1940കളിൽ ഇന്ത്യയിൽ നടത്തിയ 'ഗ്രോ മോർ ഫുഡ്' ക്യാമ്പയിനിനും വനനശീകരണത്തിൽ കാര്യമായ പങ്കുണ്ട് എന്നത് തള്ളിക്കളയാനാകാത്ത വസ്തുതയാണ്. വെറുതെ കാടായി ഇരുന്നിട്ട് കാര്യമില്ല, അതെല്ലാം വെട്ടിത്തെളിച്ച് കൃഷി ചെയ്യുകയും ഭക്ഷണമുണ്ടാക്കുകയുമാണ് പ്രധാനം എന്ന ചിന്താഗതി രൂപപ്പെടുത്തിയത് 'ഗ്രോ മോർ ഫുഡ്' ക്യാമ്പയിനാണ്. ഇടുക്കിയിലേക്കും മലബാറിലേക്കുമെല്ലാം സർക്കാർ സ്പോൺസേർഡ് കയ്യേറ്റം ആരംഭിക്കുന്നത് അതോടെയാണ്.

**വനത്തെ ഒരു വ്യാവസായിക വിഭവമായി കണ്ടതാണോ, മനുഷ്യന്റെ കടന്നുകയറ്റമാണോ പശ്ചിമഘട്ടത്തിലെ കാടുകൾ പ്രധാനമായും നശിക്കാൻ കാരണം? ബ്രിട്ടീഷുകാരുടെ കാലം കഴിഞ്ഞശേഷവും കാടുകൾ വ്യവസായങ്ങൾക്കായി തുറന്നുകൊടുക്കുന്ന നയമായിരു**

**ന്നല്ലോ നമ്മുടേത്. കേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ബിർളയ്ക്ക് കാട്ടിൽ നിന്നും മുളമുറിക്കാൻ അനുമതി നൽകുകയായിരുന്നല്ലോ?**

കേരളത്തെ സംബന്ധിച്ച് പശ്ചിമഘട്ടത്തിലെ കാടുകൾ നശിക്കാനുള്ള പ്രധാനകാരണം വ്യവസായം തന്നെയാണ്. പശ്ചിമഘട്ടത്തിന്റെ വടക്കൻ പ്രദേശത്തുള്ളതുപോലെ ഖനികൾ ഇല്ലാത്തതിനാൽ അത്തരം വനശോഷണം ഇവിടെ ഉണ്ടായിട്ടില്ല. അതേസമയം ഭക്ഷ്യക്ഷാമത്തെ തുടർന്ന് 1940കളിൽ ഇന്ത്യയിൽ നടത്തിയ 'ഗ്രോ മോർ ഫുഡ്' ക്യാമ്പയിനിനും വനനശീകരണത്തിൽ കാര്യമായ പങ്കുണ്ട് എന്നത് തള്ളിക്കളയാനാകാത്ത വസ്തുതയാണ്. വെറുതെ കാടായി ഇരുന്നിട്ട് കാര്യമില്ല, അതെല്ലാം വെട്ടിത്തെളിച്ച് കൃഷി ചെയ്യുകയും ഭക്ഷണമുണ്ടാക്കുകയുമാണ് പ്രധാനം എന്ന ചിന്താഗതി രൂപപ്പെടുത്തിയത് 'ഗ്രോ മോർ ഫുഡ്' ക്യാമ്പയിനാണ്. അതിന്റെ ഭാഗമായി സർക്കാർ നിരവധി കർഷകർക്ക് ഭൂമി പതിച്ചുനൽകി. ഇടുക്കിയിലേക്കും മലബാറിലേക്കുമെല്ലാം സർക്കാർ സ്പോൺസേർഡ് കയ്യേറ്റം ആരംഭിക്കുന്നത് അതോടെയാണ്. തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന എത്ര കാട് ഈ വിധത്തിൽ പോയി എന്നതിന് കണക്കുകൾ പോലുമില്ല. ഇതിനെ തുടർന്നാണ് റബ്ബർ എസ്റ്റേറ്റുകളെല്ലാം വ്യാപകമാകുന്നത്. റബ്ബർ ഭരണകൂടത്തിൽ ഉണ്ടാക്കിയ സാമ്പത്തിക സ്വാധീനവും കാടുവെട്ടിപ്പിടുത്തത്തിന് മൗനാനുവാദം നൽകി. റബ്ബർ എസ്റ്റേറ്റുകൾ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ നിന്നുപോലും ഒഴിവാക്കപ്പെട്ടു. നിക്ഷിപ്ത വനഭൂമികളെല്ലാം റബ്ബർ എസ്റ്റേറ്റുകളായി മാറി. വ്യവസായം കാടു നശിപ്പിച്ചതുപോലെ തന്നെ കുടിയേറ്റവും തോട്ടവത്കരണവും കാട് നശിപ്പിച്ചിട്ടുണ്ട്.



**വന്യജീവികളുടെ മുറിഞ്ഞുപോയ സഞ്ചാരപഥങ്ങൾ പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. സംരക്ഷിതപ്രദേശങ്ങളും അല്ലാത്തവയുമായി തുണ്ടുതുണ്ടായി മുറിഞ്ഞു കിടക്കുകയാണ് ഇന്ന് പശ്ചിമഘട്ടം. വന ഇടനാഴികൾ സംരക്ഷിക്കുന്ന തരത്തിലുള്ള വന മാനേജ്മെന്റിലൂടെ തുണ്ടുകളായിത്തീർന്ന വനഭൂമി സംരക്ഷിക്കാൻ കഴിയണം**

**പശ്ചിമഘട്ട സംരക്ഷണത്തിന് താങ്കൾ നൽകുന്ന മുൻഗണനകൾ?**

ശബരിമലയിലെ തീർത്ഥാടക പ്രവാഹം നിയന്ത്രിക്കുക എന്നതാണ് പ്രധാനം. വന്യജീവികളുടെ മുറിഞ്ഞുപോയ സഞ്ചാരപഥങ്ങൾ പുനസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. സംരക്ഷിതപ്രദേശങ്ങളും അല്ലാത്തവയുമായി തുണ്ടുതുണ്ടായി മുറിഞ്ഞു കിടക്കുകയാണ് ഇന്ന് പശ്ചിമഘട്ടം. വന ഇടനാഴികൾ സംരക്ഷിക്കുന്ന തരത്തിലുള്ള വന മാനേജ്മെന്റിലൂടെ തുണ്ടുകളായിത്തീർന്ന വന ഭൂമി സംരക്ഷിക്കാൻ കഴിയണം. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ Biodiversity Conservation & Rural Livelihood Improvement Project (BCRLIP) അത്തരമൊരു സമീപനം മുന്നോട്ട് വയ്ക്കുന്നുണ്ട്. അതിനെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യണം. അശാസ്ത്രീയമായാണ് കോർ മേഖലകളും ബഫർ മേഖലകളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. പെരിയാർ ടൈഗർ റിസർവിൽ തന്നെ ആ അപാകതയുണ്ട്. ഗൂഡ്‌റിക്കൽ പോലെയുള്ള ഒരു സുപ്രധാന പ്രദേശം ടൈഗർ റിവസർവിന് പുറത്താണുള്ളത്. അത്തരം അപാകതകൾ പരിഹരിക്കണം. ആദിവാസികളല്ലാത്ത വനത്തിനോട് ചേർന്നു ജീവിക്കുന്ന സമൂഹം സുസ്ഥിരതയെക്കുറിച്ച് ബോധ്യമില്ലാതെ വനവിഭവങ്ങൾ ചൂഷണം ചെയ്യുന്നു. അവർ ശരിക്കും വനാശ്രിതരല്ല. വനവിഭങ്ങൾ കൊണ്ടുപോയി വിറ്റ്, അങ്ങാടിയിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്നവരാണ്. അവരുടെ ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ കഴിയണം. ആദിവാസികളുടെ വനാശ്രിതത്വം കുറച്ച്, കാർഷിക ജൈവവൈവിധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിലേക്ക് അവരെ എത്തിക്കണം. സുസ്ഥിരതയുള്ള ഉപജീവനമാർഗ്ഗങ്ങൾ നൽകിക്കൊണ്ട് കാട് സംരക്ഷിക്കുന്നതിനുള്ള ഒരു സാമൂഹിക വേലി (social fencing) യായി അവരെ പരുവപ്പെടുത്തേണ്ടതുണ്ട്. തങ്ങളുടെ ജീവിതം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് പോകണമെങ്കിൽ കാട്ടിലുള്ള ജൈവവൈവിധ്യം മെച്ചപ്പെടണമെന്ന് കാടോരത്തുള്ള മനുഷ്യസമൂഹത്തെ ബോധ്യപ്പെടുത്താനുള്ള പരി

പാടികളും ആരംഭിക്കണം.

**പക്ഷെ പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യം നിലനിൽക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന മാധവ്ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെപ്പോലും സ്വീകരിക്കാൻ കേരളം തയ്യാറാകുന്നില്ലല്ലോ. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പ്രായോഗികമല്ലേ?**

ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുക മാത്രമാണ് കേരളത്തിന് ഇനി പ്രായോഗികമായ കാര്യം. ഒരുപാട് അനുരഞ്ജനങ്ങളുള്ള ഒരു റിപ്പോർട്ടാണത്. എന്നിട്ടുപോലും നമ്മുടെ രാഷ്ട്രീയപാർട്ടികൾക്ക് അംഗീകരിക്കാൻ കഴിയാത്തത് അവർക്ക് പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യമറിയാത്തതുകൊണ്ടാണ്. അത്തരത്തിലുള്ള അറിവ് രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കാത്തതാണ് കുഴപ്പം. ജനകീയാസൂത്രണ പദ്ധതിയാണ് നീർമറികളെ അടിസ്ഥാനപ്പെടുത്തിയുള്ള വികസനം എന്ന സങ്കൽപ്പം കേരളത്തിൽ ആദ്യം മുന്നോട്ട് വയ്ക്കുന്നത്. ഭൂഭാഗങ്ങളുടെ സന്തുലിതാവസ്ഥ മുഴുവൻ തകർത്തുകൊണ്ടാണ് കേരളത്തിൽ പഞ്ചായത്തുകളുടെ രൂപീകരണം നടക്കുന്നത്. ഭൂമി കൈകാര്യം ചെയ്യുക എന്നാൽ വെള്ളം കൈകാര്യം ചെയ്യുക എന്നതുതന്നെയാണെന്ന് നമ്മൾ വൈകിയാണ് തിരിച്ചറിഞ്ഞത്. ജനകീയാസൂത്രണമാണ് അതിന് തുടക്കം കുറിച്ചത്. ഇടതുപക്ഷത്തിന് പോലും അതിന് മുമ്പ് അത്തരമൊരു കാഴ്ചപ്പാടുണ്ടായിരുന്നില്ല. ഇടതുപക്ഷത്തിന്റെ മുഖ്യധാരയിലേക്ക് ഇപ്പോഴും ആ ചിന്ത എത്തിയിട്ടില്ല. മനുഷ്യൻ അങ്ങാടിയിലൂടെ ഉണ്ടാക്കുന്ന മൂല്യം മാത്രമല്ല വികസനം എന്നാണ് മാർക്സ് തന്നെ പറഞ്ഞിരിക്കുന്നത്. പാരിസ്ഥിതിക സേവനങ്ങൾ അത്തരത്തിലുള്ള മൂല്യമാണ്. അതിന് വിലയിടാൻ അങ്ങാടിക്ക് കഴിയില്ല. അത്തരം പാരിസ്ഥിതിക സേവനങ്ങൾക്ക് മൂല്യം കൽപ്പിക്കുന്ന നയമാണ് ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്നത്. തീർത്തും ശാസ്ത്രീയമായ ആ റിപ്പോർട്ട് നിലവിൽ നടക്കുന്ന പ്രചരണങ്ങൾ പറയുന്നതുപോലെ ആർക്കും ദോഷം ചെയ്യുന്നതല്ല. എന്തിനെയും വിൽപ്പന ചരക്കാക്കാം എന്നു ചിന്തിക്കുന്ന മൂലധന വ്യവസ്ഥയ്ക്കുമാത്രമെ അതുകൊണ്ട് നഷ്ടമുണ്ടാകൂ. വൈകാരികമായി പരിസ്ഥിതിയെ സമീപിക്കുന്ന ആളല്ല മാധവ്ഗാഡ്ഗിൽ. അതിന്റെ ഗുണം റിപ്പോർട്ടിനുണ്ട്. എന്നാൽ ഗാഡ്ഗിൽ പുനഃപരിശോധിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കസ്തൂരിരംഗൻ കമ്മിറ്റിയിൽ പാരിസ്ഥിതിക ശാസ്ത്രത്തിലും രാഷ്ട്രീയത്തിലും ഗാഡ്ഗിലിന്റെ അത്ര ഔന്നത്യമുള്ള ആരുമില്ല. അതുകൊണ്ട് റിപ്പോർട്ടിന്റെ ഭാവി എന്താകുമെന്ന് എനിക്ക് ആശങ്കയുണ്ട്.

**ഏറെ നാൾ സാമൂഹികശാസ്ത്ര അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട് താങ്കൾ. ഹ്യൂമൻ ഇക്കോളജിയെക്കുറിച്ചും പരിസ്ഥിതിയുടെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചും നിരവധി ഗവേഷണങ്ങൾ നടത്തുകയും ഗൈഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. താങ്കളുടെ അഭിപ്രായത്തിൽ പശ്ചിമഘട്ടത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച് നമുക്കുള്ള അറിവുകളുടെ അപര്യാപ്തത എന്താണ്?**

പാരിസ്ഥിതിക സേവനങ്ങൾ എന്താണെന്ന എന്ന കാര്യത്തിൽ നമ്മൾ തീർത്തും നിരക്ഷരരാണ്. അല്ലെങ്കിൽ ആറന്മുള വിമാനത്താവളം പോലെയൊരു പദ്ധതിയെക്കുറിച്ച് ചിന്തിക്കുകപോലുമില്ലായിരുന്നു. കൃഷി ചെയ്യാതെ കിടക്കുന്ന വയലുപോലും നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ നമ്മൾ അറിയാതെ പോകുന്നു. കേരളത്തിൽ ഓരോ വീട്ടിലും കിണർ സാധ്യമാകുന്നത് വയലുകളുള്ളതുകൊണ്ടാണ്. വയൽ നഷ്ടപ്പെട്ടാൽ ഉയരങ്ങളിൽ താമസിക്കുന്നവർക്കൊന്നും വെള്ളം കിട്ടില്ല. കേരളത്തിലെ കഴിഞ്ഞ 50 വർഷത്തെ വീടുകളുടെ നിർമ്മിതി ശ്രദ്ധിച്ചാൽ വീടുകളെല്ലാം വയലുകളുടെ നിരപ്പിലേക്ക് ഇറങ്ങിവരുന്നതായി കാണാൻ കഴിയും. മുകളിലുള്ള പറമ്പിൽ ഓരോ പൊട്ടക്കിണറുകൾ സൃഷ്ടിച്ചുകൊണ്ടാണ് വീടുകൾ വയലുകളിലേക്ക് വെള്ളം തേടി ഇറങ്ങിവരുന്നത്. അങ്ങനെ ഒടുവിലത്തെ പൊട്ടക്കിണർ വയലിൽ സൃഷ്ടിക്കപ്പെടും. പിന്നെ എങ്ങോട്ടും പോകാനുണ്ടാകില്ല. ഇതൊന്നും അറിയാത്ത രീതിയിലാണ് നമ്മൾ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആളുകളിൽ വിവേകം ജനിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ പരിസ്ഥിതി പ്രവർത്തകർ വളരെ വൈകിപ്പോയി. വികാരത്തിന്റെ ഭാഷയിലാണ് അവർ ഏറെ നാൾ സംസാരിച്ചുകൊണ്ടിരുന്നത്. ശാസ്ത്രീയമായ അറിവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വികസന നയത്തെ ചോദ്യം ചെയ്യാനുള്ള ശേഷിയാണ് നമുക്കുണ്ടാകേണ്ടത്. പെട്രോളിയം കമ്പനികൾക്ക് നൽകുന്ന സബ്സിഡി താങ്ങാൻ കഴിയാത്തതുകൊണ്ടാണ് ഇന്ധനവില കൂട്ടുന്നതെന്നാണ് സർക്കാർ പറയുന്നത്. അതേ സർക്കാർ തന്നെ ബഹുരാഷ്ട്ര കോർപ്പറേറ്റുകൾക്ക് ജനങ്ങൾക്ക് ഉപകാരമില്ലാത്ത വ്യവസായം തുടങ്ങുന്നതിന് കോടികൾ സബ്സിഡി നൽകുന്നുണ്ട്. പെട്രോളിയം കമ്പനികൾക്ക് നൽകുന്ന സബ്സിഡി താങ്ങാൻ കഴിയാത്ത നിങ്ങൾ എന്തിനാണ് കോർപ്പറേറ്റുകൾക്ക് സബ്സിഡി നൽകുന്നു എന്ന് അറിവുകളുടെയും കണക്കുകളുടെയും അടിസ്ഥാനത്തിൽ ചോദിക്കാൻ നമ്മൾ ഇപ്പോഴും സജ്ജമായിട്ടില്ല. പാരിസ്ഥിതിക പ്രശ്നങ്ങളിലും അറിവിന്റെ ഈ അഭാവം പ്രകടമാണ്.

പശ്ചിമഘട്ടം എന്ന ഭൂപ്രദേശത്തെ ഒന്നായി കാണുന്ന അറിവാണ് നാം സ്വരൂപിക്കേണ്ടത്. ഒറ്റ ഭൂഭാഗമായി (landscape) പശ്ചിമഘട്ടത്തെ കാണാൻ കഴിയണം. ലാൻഡ്സ്കേപ്പ് ഇക്കോ സിസ്റ്റം മാനേജ്മെന്റ് എന്ന സങ്കൽപ്പമാണ് വികസിപ്പിക്കേണ്ടത്. നിലവിൽ വനം വകുപ്പിന് അതില്ല. റേയ്ഞ്ചും ഡിവിഷനുമൊന്നും ആ സങ്കൽപ്പത്തിലല്ല വികസിപ്പിച്ചിരിക്കുന്നത്. പശ്ചിമഘട്ടത്തെ ഒരു ലാൻഡ്സ്കേപ്പായി കണ്ടുകൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് കാടില്ലാത്ത സ്ഥലങ്ങൾ പോലും പാരിസ്ഥിതിക ലോല പ്രദേശങ്ങളായി (Ecological Sensitive Zones-ESZ) മാറുന്നത്. നമ്മൾ, ഇവിടെ കാടില്ലല്ലോ പിന്നെന്തിനാണ് ഗാഡ്ഗിൽ റിപ്പോർട്ട് ഞങ്ങളെ ദ്രോഹിക്കാനായി നിയന്ത്രണം കൊണ്ടുവരുന്നത് എന്ന് നമ്മൾ ചോദിക്കുന്നത് അതറിയാതെയാണ്. പശ്ചിമഘട്ടം എന്ന ഒരു ലാൻഡ്സ്കേപ്പ് യൂണിറ്റിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക മാത്രമാണ് ഇതിന് പരിഹാരം.